# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

(സംഗ്രഹം)

അക്കാദമിക്ക് എ 9 വിഭാഗം

സിലബസ് പരിഷ്കരണം - പിജി സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് പിജി ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്മാരുടെയും എക്സ്പെർട്ട് കമ്മിറ്റി മെമ്പർമാരുടെയും മീറ്റിംഗ് കൂടുന്നതിനും ശില്പശാലകൾ നടത്തുന്നതിനുള്ള അഡ്വാൻസ് തുക നൽകുന്നതും മറ്റ് അനുബന്ധകാര്യങ്ങൾ സംബന്ധിച്ചും.

---

സ:ഉ:നം:7483/ എസി എ9 /2/സിലബസ് റിവിഷൻ കമ്മിറ്റി/2018 പ്രിയദർശിനി ഹിൽസ്
തീയതി: 22.10.2018

---

## ഉത്തരവ്

പരാമർശം:1.U.O.2201/AcAIX/2/PG Syllabus തീയതി:26.02.2018

2. 2018 ഒക്ടോബർ മാസം 11-)o തീയതി കൂടിയ പിജി സിലബസ് റിവിഷൻ കമ്മിറ്റി യോഗ നടപടിക്രമങ്ങളുടെ ചുരുക്കം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ പിജി പഠന പദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സൂചന (1) പ്രകാരം രൂപീകരിച്ച പിജി സിലബസ് റിവിഷൻ കമ്മിറ്റി സൂചന (2) പ്രകാരം താഴെപറയുന്ന ശുപാർശകൾ സമർപ്പിക്കാൻ തീരുമാനിച്ചു.

1.പിജി സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ടു പിജി ബോർഡ് ഓഫ് സ്റ്റഡീസിന്റെ ചെയർമാന്മാരുടെയും എക്സ്പെർട്ട് കമ്മിറ്റി മെമ്പർമാരുടെയും മീറ്റിംഗ് 2018 ഒക്ടോബർ 29ന് യൂണിവേഴ്സിറ്റി അസംബ്ലി ഹാളിൽ വെച്ച് രാവിലെ 11.00 മണിക്ക് നടത്തുന്നതിനും ശുപാർശ ചെയ്തു.

2. ശില്പശാലകൾ കോട്ടയം, പത്തനംതിട്ട, എറണാകുളം ജില്ലകളിലായി നടത്തുവാൻ ശുപാർശ ചെയ്തു.

3. പിജി സിലബസ് പരിഷ്കരണത്തിനുള്ള ശില്പശാലയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് 2018 നവംബർ 14ന് യൂണിവേഴ്സിറ്റി അസംബ്ലി ഹാളിൽ വച്ച് കോമേഴ്സ് വിഭാഗത്തിന്റെ ശില്പശാല നടത്തുവാൻ ശുപാർശ ചെയ്തു.

4. സ്റ്റാറ്റിസ്റ്റിക്സിന്റെ പിജി ബോർഡ് ഓഫ് സ്റ്റഡീസിന് എംഎസ് സി സ്റ്റാറ്റിസ്റ്റിക്സ് (അപ്ലൈഡ്) എന്നാ പ്രോഗ്രാമിന്റെ കൂടി സിലബസ് പരിഷ്കരിക്കുവാൻ അനുമതി നൽകുവാൻ ശുപാർശ ചെയ്തു.

5. കമ്പ്യൂട്ടർ സയൻസിന്റെ പിജി ബോർഡ് ഓഫ് സ്റ്റഡീസിന് എംഎസ് സി [illegible] ടെക്നോളജി എന്ന പ്രോഗ്രാമിന്റെ സിലബസ് കൂടി പരിഷ്കരിക്കുവാനുള്ള അനുമതി നൽകുവാൻ ശുപാർശ ചെയ്തു.

6. പിജി സിലബസ് റിവിഷൻ ശില്പശാലകൾ മൂന്നു ദിവസങ്ങളായി നടത്തുവാൻ ശുപാർശ ചെയ്തു.

7. ശില്പശാലകൾ നടത്തുന്നതിന് പിജി ബോർഡ് ഓഫ് സ്റ്റഡീസിന്റെയും എക്സ്പെർട്ട് കമ്മിറ്റിയുടെയും ചെയർമാന്മാർക്ക് അഡ്വാൻസായി മുപ്പതിനായിരം രൂപ നൽകുവാൻ ശുപാർശ ചെയ്തു.

8. സിലബസ് പരിഷ്കരിക്കുന്നതിനാവശ്യമായ പൊതുവായ മാർഗനിർദ്ദേശങ്ങൾ എല്ലാ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കും എക്സ്പെർറ് കമ്മിറ്റി അംഗങ്ങൾക്കും നൽകുവാൻ ശുപാർശ ചെയ്തു.

9. 2018 ഫെബ്രുവരി 15നു മുൻപായി യൂണിവേഴ്സിറ്റി നിർദ്ദേശിച്ച മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് പരിഷ്കരിച്ച സിലബസ് യൂണിവേഴ്സിറ്റിയിൽ സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുവാനും ശുപാർശ ചെയ്തു.

മേൽ ശുപാർശകൾ സർവകലാശാല ആക്ട് 1985, അദ്ധ്യായം (3) വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ദിലീപ്കുമാർ ആർ

അസിസ്റ്റൻറ് രജിസ്ട്രാർ(അക്കാദമിക്-III)

രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1 പ്രൊഫ. പ്രവീൺ കുമാർ വി എസ് (കൺവീനർ)
2. .പ്രൊഫ. ടോമിച്ചൻ ജോസഫ്, മെംബർ സിൻഡിക്കേറ്റ്
3.ഡോ. ആർ. പ്രഗാഷ്, മെംബർ സിൻഡിക്കേറ്റ്
4.ഡോ. അജി സി പണിക്കർ, മെംബർ സിൻഡിക്കേറ്റ്
5,ഡോ: കെ കൃഷ്ണദാസ്, മെംബർ സിൻഡിക്കേറ്റ്
6.വി.സി / പി.വി.സി യുടെ പി.എസ്
7.രജിസ്ട്രാർ /പരീക്ഷ കൺട്രോളർ ഫിനാൻസ് ഓഫിസർ എന്നിവരുടെ പി.എമാർ
8.ജെ.ആർII / ഡി.ആർII /എ.ആർIII (അക്കാദമിക്)
9.ജെ.ആർI / ജെ.ആർII / ജെ.ആർIII (പരീക്ഷ വിഭാഗം)
10.എസി.സി സെക്ഷൻ/ESTATE OFFICER
11.സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
12.കണ്ടൻറ് മാനേജ്മെൻറ് / ഐ.ക്യു.എ.സി
13.സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ